ഇല്ലം ചുടുന്ന സമുദായസ്നേഹികൾ

കുറെ ദിവസങ്ങളായി കേരളത്തിലെ ഒട്ടുമിക്ക ഇസ്ലാമിക പ്രസിദ്ധീകരണങ്ങളിലും നിറഞ്ഞൊഴുകുന്നതു സമുദായത്തിനുള്ളിലെ 'തീവ്രവാദ'ത്തെക്കുറിച്ചാണ്. ചിലർ അരിശം തീരാതെ വിഖ്യാത പണ്ഡിതൻ ഖർദാവിയോട് രണ്ടിനും നാലിനും ഇടയിലുള്ള അക്കം മൂന്ന് അല്ലേ എന്ന രൂപത്തിൽ ചോദ്യം ചോദിച്ച് ഉത്തരം നിരത്തി. തീവ്രവാദികളുടെ വായടച്ചു നിർവൃതി പൂണ്ടപ്പോൾ സ്വന്തം അണികൾ ഒരു പള്ളിയിൽ കയറി അക്രമം നടത്തി. തങ്ങളുടെ നയവും സമീപനവും 'സർഗാത്മക ജനാധിപത്യ'മാണെന്നു കാട്ടിക്കൊടുത്തു. ഇന്ത്യയിൽ ആരോ ചിലർ സായുധപ്രതിരോധത്തിന് ആഹ്വാനം നൽകിയിട്ടുണ്ട് എന്ന പ്രസ്താവന, സംഘപരിവാരത്തിനു സമുദായത്തിനെ ആടിക്കാനുള്ള മറ്റൊരു വടിയായി മാറുകയാണു ചെയ്യുന്നത്. ഞങ്ങൾ ഇതുവരെ ക്ഷമിച്ചു. ഇനി കണ്ടുനിൽക്കാൻ വയ്യ എന്നുള്ള പുതിയ നിലപാടിന്റെ കാരണങ്ങൾ ആർക്കും പെട്ടെന്നു മനസ്സിലാകുന്നവയാണ്. സ്വന്തം പ്രഡക്ഥാനത്തിന്റെ ലക്ഷ്യം നിർണയിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് 'തീവ്രവാദ'ത്തിലേക്കു ചെറുപ്പക്കാർ പോയത് എന്ന വിലയിരുത്തൽ ഒരുപരിധിവരെതങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചു പുനർവിചിന്തനം നടത്താൻ ഉപകരിക്കുമല്ലോ?

'എയർപോർട്ടിൽ ഭീകരർ അറസ്റ്റിൽ' എന്ന എക്സ്ക്ലൂസീവ് കൊടുത്തവർ വൈകിയാണ് അറിഞ്ഞത് പിടിയിലായത് മസ്കറ്റിലെ ജമാഅത്ത് ഇസ്ലാമിയുടെ സജീവപ്രവർത്തകനായിരുന്നുവെന്ന്. പോലിസ്വേട്ടയിലും അതിലുപരി താൻ ചോരകൊടുത്തുവളർത്തിയ പത്രം തനിക്കു സമ്മാനിച്ചതീവ്രവാദമുദ്രയിലും മനംനൊന്ത അദ്ദേഹം മുസ്ലിംവേട്ടയുടെ മറ്റൊരു ഇരയായിരുന്നു.

തിരൂരിൽ കൊലചെയ്യപ്പെട്ട രവിയുടെ വീട്ടിൽ പോയി കണ്ണീരൊഴുക്കിയ നേതാക്കന്മാർ അയാളുടെ കരങ്ങൾ യാസർ എന്ന ചെറുപ്പക്കാരനെ നിഷ്ഠുരമായി കൊന്നുകളഞ്ഞ ചരിത്രം മറന്നുപോയോ? ഈ രവി കാരണം വിധവയാക്കപ്പെട്ട ഒരു പെൺകുട്ടിയും ഏതാനും കുട്ടികളും നീതിക്കുവേണ്ടി കോടതി വരാന്തകൾ നിരങ്ങിമടുത്തത് അവർക്കു കാണാനേ കഴിഞ്ഞില്ല.

ഷംനാദ് തിരുവനന്തപുരം